(സി) എങ്കിൽ അവയുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് അറിയിക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്തുതന്നെ ഇവിടെ പുതിയ തസ്തികകൾ അനുവദിക്കുമോ ?

ഉത്തരം

(എ) സബ്ജറ്റ് കമ്മിറ്റി VI (സാമൂഹ്യ സേവനം) 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ 4-ാം റിപ്പോർട്ടിലെ 117-ാം ഖണ്ഡികപ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ പാരാ മെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനും ആഡിറ്റ് വിംഗ് രൂപീകരിക്കുന്നതിനുമായി പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് ശിപാർശചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ബന്ധപ്പെട്ട വകുപ്പുകളുടെ പരിശോധനയ്ക്കും ശിപാർശക്കും വിധേയമായി മാത്രമേ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളു.

**ബാലനീതി നിയമം നടപ്പിലാക്കുവാൻ നടപടി**

73 (523) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാലനീതി നിയമം നടപ്പിലാക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ബാലനീതി നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടിയിരുന്നത് ;

(സി) ബാലനീതി നിയമപ്രകാരം സംസ്ഥാനത്ത് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ബാലനീതി നിയമം നടപ്പിലാക്കുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുണ്ട്.

| | | | |
|---|---|---|---|
| 1. | ചിൽഡ്രൻസ് ഹോം | - | 7 |
| 2. | ഒബ്സർവേഷൻ ഹോം | - | 14 |
| 3. | സ്പെഷ്യൽ ഹോം | - | 2 |

LIBRARY ARCHIVES Kerala Legislative Assembly

ടി സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പോഷക സമൃദ്ധമായ ആഹാരം, വസ്ത്രം, മരുന്ന്, വിദ്യാഭ്യാസം എന്നിവ നൽകിവരുന്നു. സ്ഥാപനത്തിലെ കുട്ടികളെ സ്കൂളുകളിൽ അയച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നു. പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികൾക്ക് റസിഡൻഷ്യൽ വിദ്യാഭ്യാസം നൽകിവരുന്നു. പഠനത്തിൽ മോശമായ കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തിവരുന്നു. സ്ഥാപനത്തിൽനിന്നും വിടുതൽചെയ്യുന്ന കുട്ടികൾക്ക് തുടർ പഠനത്തിനായി ധനസഹായം നൽകിവരുന്നുണ്ട്. 'ശ്രദ്ധയും സംരക്ഷണവും ആവശ്യമായ' കുട്ടികളുടെ പുരധിവാസകാര്യം നോക്കുന്നതിന് എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയൽ കമ്മിറ്റികളും 'നിയമവുമായി പൊരുത്തപ്പെടാത്ത' കുട്ടികളുടെകാര്യം കൈകാര്യംചെയ്യുന്നതിന് ജുവനൈൽ ജസ്റ്റിസ് ബോർഡുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. 2009-10 വർഷം കേന്ദ്ര സർക്കാർ ആരംഭിച്ച "സംയോജിത ശിശു സംരക്ഷണ പദ്ധതി " 2009 നവംബർ മുതൽ സംസ്ഥാനത്തും നടപ്പിലാക്കുകയുണ്ടായി. ചൈൽഡ് വെൽഫയർ കമ്മിറ്റി/ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയിൽ മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനായി ജസ്റ്റിസ് (റിട്ട.) ജോൺ കെ. മാത്യു അദ്ധ്യക്ഷനായുള്ള സെലക്ഷൻ കമ്മിറ്റി, മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി 15 സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസീസ്, ഒമ്പത് ജില്ലകളിൽ ചൈൽഡ്ലൈൻ എന്നിവയും സംസ്ഥാനത്ത് ബാലനീതി നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റിസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ബാലനീതി നിയമം നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രൊബേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ബാലനീതി നിയമം നടപ്പിലാക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

(സി) ബാലനീതി നിയമപ്രകാരം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ (14 എണ്ണം) രൂപീകരിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

**സംയോജിത ശിശുവികസന പദ്ധതിപ്രകാരം പുതിയ പ്രോജക്ടുകൾ**

**74 (524)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ശിശുവികസന പദ്ധതി പ്രകാരം അനുവദിച്ച പുതിയ പ്രോജക്ടുകളുടെ ജില്ലാതല വിശദാംശം വ്യക്തമാക്കുമോ ;

(ബി) നാളിതുവരെ പ്രവർത്തനം ആരംഭിച്ച പ്രോജക്ടുകളുടെ ജില്ലാതല വിശദാംശം വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിൽ പ്രോജക്ട് ആഫീസുകൾ ആരംഭിക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly